# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:29.04.2025**

### പ്രധാനവാർത്തകൾ

1.) പഹൽഗാം ഭീകരാക്രമണ വിഷയം ഐക്യരാഷ്ട്ര സഭയിൽ ഉന്നയിച്ച് ഇന്ത്യ ; പാർലമെന്റിന്റെ പ്രത്യേക സമ്മേളനം വിളിച്ചു ചേർക്കണമെന്ന് പ്രതിപക്ഷം.

2.) നൂതനാശയങ്ങൾ മുന്നോട്ട് വയ്ക്കുന്ന **YUGM** കോൺക്ലേവിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി പങ്കെടുത്തു ; ലോകോത്തര അറിവുകൾ ഓരോ വിദ്യാർത്ഥിയുടെയും കൈയെത്തും ദൂരത്ത് എത്തിക്കാനാണ് സർക്കാർ ശ്രമമെന്ന് പ്രധാനമന്ത്രി.

3.) കേരളത്തിന്റെ സ്വപ്നകവാടമായ വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം കമ്മീഷൻ ചെയ്യാൻ ഇനി മൂന്ന് നാൾ .

4.) ഈ വർഷത്തെ എസ്.എസ്.എൽ.സി പരീക്ഷഫലം മെയ് ഒമ്പതിന് പ്രഖ്യാപിക്കുമെന്ന് മന്ത്രി വി.ശിവൻകുട്ടി.

5.) ചലച്ചിത്രകാരൻ ഷാജി എൻ കരുണിന് കലാകേരളത്തിന്റെ അന്ത്യാഞ്ജലി ; സംസ്കാരം വൈകിട്ട് ശാന്തികവാടത്തിൽ.

6.) ഐ പി എൽ ക്രിക്കറ്റിൽ ഇന്ന് ഡൽഹി ക്യാപിറ്റൽസ് കൊൽക്കത്ത നൈറ്റ് റൈഡേഴ്സ് പോരാട്ടം.

RNU TVPM

*****************************

## ഐക്യരാഷ്ട്രസഭ - പഹൽഗാം

പഹൽഗാം ഭീകരാക്രമണ വിഷയം ഐക്യരാഷ്ട്ര സഭയിൽ ഉന്നയിച്ച് ഇന്ത്യ. ആഗോള ഭീകരതയ്ക്ക് പിന്തുണ നൽകുകയും മേഖലയെ അസ്ഥിരപ്പെടുത്തുകയും ചെയ്യുന്ന രാജ്യമാണ് പാകിസ്ഥാൻ എന്ന് ഐക്യരാഷ്ട്ര സഭയിലെ ഇന്ത്യൻ പ്രതിനിധി യോജന പട്ടേൽ വിമർശിച്ചു. ആഗോള വേദികൾ ദുരുപയോഗം ചെയ്ത്, ഇന്ത്യയ്ക്കെതിരെ അടിസ്ഥാനരഹിതമായ ആരോപണങ്ങൾ അഴിച്ചുവിടുകയാണ് പാകിസ്ഥാൻ എന്നും ഇന്ത്യ ആരോപിച്ചു.

******************************

## പഹൽഗാം - പാർലമെൻറ്

RNU TVPM

പഹൽഗാം ഭീകരാക്രമണത്തിന്റെ പശ്ചാത്തലത്തിൽ പാർലമെന്റിന്റെ പ്രത്യേക സമ്മേളനം വിളിച്ചു ചേർക്കണമെന്ന് ആവശ്യപ്പെട്ട് പ്രതിപക്ഷം. കോൺഗ്രസ് നേതാക്കളായ മല്ലികാർജുൻ ഖാർഗെയും രാഹുൽ ഗാന്ധിയും ഇതുസംബന്ധിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദിക്ക് കത്തയച്ചു. ഭീകരതയ്ക്കെതിരെ ഇന്ത്യ എന്നും ഒറ്റക്കെട്ടായി നിലകൊള്ളുമെന്ന് നാം ലോകത്തിന് കാട്ടേണ്ടതുണ്ടെന്നും ശ്രീ രാഹുൽ ഗാന്ധി വ്യക്തമാക്കി .

******************************

## പ്രധാനമന്ത്രി - കോൺക്ലേവ്

ലോകോത്തര അറിവുകൾ ഓരോ വിദ്യാർത്ഥിയുടെയും കൈയെത്തും ദൂരത്ത് എത്തിക്കാനാണ് സർക്കാർ ശ്രമമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ നടക്കുന്ന YUGM കോൺക്ലേവിൽ പങ്കെടുക്കുകയായിരുന്നു അദ്ദേഹം. ഇരുപത്തിയൊന്നാം

നൂറ്റാണ്ടിൻറെ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി രാജ്യത്തെ വിദ്യാഭ്യാസ സമ്പ്രദായത്തെ ആധുനികവൽക്കരിക്കണമെന്നും പ്രധാനമന്ത്രി പറഞ്ഞു. ഇന്ത്യയുടെ നൂതനാശയ ആവാസവ്യവസ്ഥയിൽ വൻ തോതിൽ സ്വകാര്യ നിക്ഷേപം ആകർഷിക്കുക എന്നതാണു സമ്മേളനത്തിൻറെ ലക്ഷ്യം.

********************************

## വിഴിഞ്ഞം ഇനി മൂന്ന് നാൾ

കേരളത്തിൻറെ സ്വപ്നകവാടമായ വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം കമ്മീഷനിങ് ചടങ്ങിന് ഇനി മൂന്ന് നാൾ. പ്രധാനമന്ത്രി നരേന്ദ്രമോദി മെയ് രണ്ടിനാണ് വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം രാജ്യത്തിന് സമർപ്പിക്കുക. തുറമുഖത്തു നടക്കുന്ന പ്രൗഢഗംഭീരമായ ചടങ്ങിൽ മുഖ്യമന്ത്രി പിണറായി വിജയനുൾപ്പെടെയുള്ളവർ പങ്കെടുക്കും. ഉദ്ഘാടനത്തിനെത്തുന്ന പ്രധാനമന്ത്രിയെ സ്വീകരിക്കാൻ തുറമുഖത്ത് പോലീസിൻറെയും എസ്പിജിയുടെയും നേതൃത്വത്തിൽ കനത്ത സുരക്ഷയൊരുക്കും.

RNUTVPM

********************************

## എസ്.എസ്.എൽ.സി ഫലം (ഇൻട്രോ)

ഈ വർഷത്തെ എസ്.എസ്.എൽ.സി ഫലം മെയ് ഒമ്പതിന് പ്രഖ്യാപിക്കുമെന്ന് മന്ത്രി വി ശിവൻകുട്ടി. തിരുവനന്തപുരത്ത് വാർത്താസമ്മേളത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ഫലപ്രഖ്യാപനത്തിന് ആവശ്യമായ മുന്നൊരുക്കങ്ങൾ നടന്നു വരികയാണ്. ഈ മാസം 3 മുതൽ 26 വരെ 72 കേന്ദ്രീകൃത മൂല്യനിർണ്ണയ ക്യാമ്പുകളിലായി രണ്ട് ഘട്ടങ്ങളിലായി മൂല്യ നിർണ്ണയം കഴിഞ്ഞ് മാർക്ക് എൻട്രി പൂർത്തീകരിച്ചു. ആകെ നാല് ലക്ഷത്തി ഇരുപത്തി ഏഴായിരത്തി ഇരുപത്തിയൊന്ന് വിദ്യാർത്ഥികൾ ആണ് പരീക്ഷ എഴുതിയതെന്നും മന്ത്രി പറഞ്ഞു.

(ബൈറ്റ്)

ഈ അദ്ധ്യയന വർഷം എട്ടാം ക്ലാസ്സിൽ സബ്ജക്ട് മിനിമം നടപ്പാക്കുന്നതിന്റെ ഭാഗമായി 30 ശതമാനത്തിൽ കുറവ് സ്കോർ നേടിയ കുട്ടികളുടെ വിവരങ്ങൾ ശേഖരിച്ചതായും മന്ത്രി അറിയിച്ചു.

*******************************

## എൽ മുരുകൻ - കൊച്ചി

ഒരു ദിവസത്തെ സന്ദർശനത്തിനായി കേന്ദ്ര സഹ മന്ത്രി ഡോ. എൽ മുരുകൻ കൊച്ചിയിൽ. കൊച്ചി വൈഎംസിഎ ഹാളിൽ നടക്കുന്ന ഡോ. ബി ആർ അംബേദ്കർ അനുസ്മരണ ചടങ്ങിൽ പങ്കെടുക്കുന്ന അദ്ദേഹം, പഹൽഗാം ഭീകരാക്രമണത്തിൽ കൊല്ലപ്പെട്ട എൻ.രാമചന്ദ്രൻറെ വസതി സന്ദർശിക്കും.

RNU TVPM

*******************************

## വനം വകുപ്പ്-നിയന്ത്രണ സമിതി

സംസ്ഥാനത്ത് മനുഷ്യ വന്യജീവി സംഘർഷ ലഘൂകരണ പ്രവർത്തനങ്ങൾ പ്രാദേശിക അടിസ്ഥാനത്തിൽ ഊർജ്ജിതമാക്കുന്നതിന് ജില്ലാതല നിയന്ത്രണ സമിതികൾ എല്ലാ മാസവും ചേരാൻ നടപടകളുമായി വനം വകുപ്പ്. ഇതിനായി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു. വിവിധ വകുപ്പുകളിലെ ജില്ലാതല ഉദ്യോഗസ്ഥരുടെയും ജനപ്രതിനിധികളുടെയും പങ്കാളിത്തം ജില്ലാതല നിയന്ത്രണ സമിതികൾ ഉറപ്പുവരുത്തും.

*******************************

## ബ്രേക്ക്

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്...

(ബ്രേക്ക്)

****************************

## ഷാജി എൻ കരുൺ അന്ത്യാഞ്ജലി

ചലച്ചിത്ര സംവിധായകനും ഛായാഗ്രാഹകനുമായ ഷാജി എൻ കരുണിന് സാംസ്കാരിക കേരളത്തിൻ്റെ അന്ത്യാഞ്ജലി. വഴുതക്കാട് കലാഭവൻ തിയേറ്ററിൽ പൊതുദർശനത്തിന് വെച്ച ഭൗതികദേഹത്തിൽ മന്ത്രിമാരായ സജി ചെറിയാനും, വി.ശിവൻകുട്ടിയുമടക്കം സമൂഹത്തിൻറെ നാനാതുറകളിലുള്ളവർ അന്ത്യാഞ്ജലി അർപ്പിച്ചു. സംസ്കാരം വൈകുന്നേരം 4 മണിക്ക് തൈക്കാട് ശാന്തി കവാടത്തിൽ നടക്കും.

****************************

RNU TVPM

## സൂമ്പ -ഡാൻസ്

സ്കൂൾ വിദ്യാർത്ഥികൾക്ക് പുതിയ അധ്യയന വർഷം മുതൽ സൂംമ്പാ ഡാൻസ് പരിശീലനം നൽകുന്നതിന്റെ ഔദ്യോഗിക ഉദ്ഘാടനം നാളെ മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും. തിരുവനന്തപുരത്തെ 15 സ്കൂളുകളിൽ നിന്നായി ആയിരത്തിയഞ്ഞൂറോളം വിദ്യാർഥികൾ ചന്ദ്രശേഖരൻ നായർ സ്റ്റേഡിയത്തിൽ സൂംമ്പാ അവതരിപ്പിക്കും.സംസ്ഥാന സർക്കാരിന്റെ ലഹരിവിരുദ്ധ ക്യാമ്പയിനിന്റെ ഭാഗമായുമാണ് പദ്ധതി.

****************************

## എ കെ ശശീന്ദ്രൻ -റാപ്പ് ഗായകൻ (ഇൻട്രോ)

റാപ്പ് ഗായകൻ വേടൻ എന്ന ഹിരൺദാസ് മുരളി, വനം വകുപ്പ് വിജിലൻസിൻറെ നിരിക്ഷണത്തിലായിരുന്നുവെന്ന് മന്ത്രി A.K. ശശീന്ദ്രൻ. പുലിപ്പല്ല് കൈവശം വെച്ചതിനെ തുടർന്ന് ഹിരൺദാസിനെതിരെ വനം വകുപ്പ് സ്വീകരിച്ച നടപടി

സ്വാഭാവികമാണെന്ന് മന്ത്രി കൊച്ചിയിൽ മാധ്യമങ്ങളോട് പറഞ്ഞു.

(വോയ്സ്)

********************************

## ചട്ടമ്പിസ്വാമി - മഹാസമാധി

സാമൂഹിക പരിഷ് കർത്താവ് ചട്ടമ്പിസ്വാമികളുടെ 101-ാമത് മഹാസമാധി വാർഷികാചരണം സമാധിസ്ഥലമായ കൊല്ലം ചവറ പന്മന ആശ്രമത്തിൽ പുരോഗമിക്കുന്നു. മഹാസമാധി സമ്മേളനം മഹാമണ്ഡലേശ്വർ ശ്രീമദ് ആനന്ദവനം ഭാരതി സ്വാമികൾ ഉദ്ഘാടനം ചെയ്യു. ഉച്ചയ്ക്കുശേഷം മഹാസമാധി ദിവ്യജ്യോതിരായനം നടക്കും.

RNUTVPM

********************************

## സൂപ്പർ സ്പെഷ്യാലിറ്റി ... ഇൻട്രോ

കണ്ണൂർ ജില്ലാ ആശുപത്രിയിലെ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക് പ്രവർത്തന സജ്ജമാകുന്നു. അടുത്ത മാസം രണ്ടാം വാരത്തോടെ പൊതുജനങ്ങൾക്കായി തുറന്നു കൊടുക്കും . **വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ.ഒ.ശശിധരൻ..**

(വോയ്സ്)

********************************

## ഐ പി എൽ

ഐ പി എൽ ക്രിക്കറ്റിൽ ഇന്നത്തെ മത്സരത്തിൽ ഡൽഹി ക്യാപിറ്റൽസ് കൊൽക്കത്ത നൈറ്റ് റൈഡേഴ്സിനെ നേരിടും. രാത്രി 7.30 ന് ന്യൂഡൽഹിയിലാണ് മത്സരം. ഇന്നലെ നടന്ന മത്സരത്തിൽ ഗുജറാത്ത് ടൈറ്റൻസിനെതിരെ രാജസ്ഥാൻ

റോയൽസിന് 8 വിക്കറ്റ് ജയം. മത്സരത്തിൽ മിന്നുന്ന പ്രകടനം കാഴ്ചവച്ച രാജസ്ഥാൻ താരം 14-കാരൻ വൈഭവ് സൂര്യവംശി ഐ.പി.എല്ലിൽ സെഞ്ച്വറി നേടുന്ന പ്രായം കുറഞ്ഞ താരമെന്ന റെക്കോർഡ് സ്വന്തമാക്കി.

*******************************

## വനിതാ ത്രിരാഷ്ട്ര ഏകദിന ക്രിക്കറ്റ്

ശ്രീലങ്കയിൽ നടക്കുന്ന വനിതാ ത്രിരാഷ്ട്ര ഏകദിന ക്രിക്കറ്റ് പരമ്പരയിൽ ദക്ഷിണാഫ്രിക്കെതിരെ ടോസ് നേടിയ ഇന്ത്യ ബാറ്റിംഗ് തെരഞ്ഞെടുത്തു. ഒടുവിൽ വിവരം ലഭിക്കുമ്പോൾ ഇന്ത്യ 35 ഓവറിൽ 3 വിക്കറ്റ് നഷ്ടത്തിൽ 173 റൺസ് എന്ന നിലയിലാണ്.

*******************************

RNU TVPM

## ഓഹരി , സ്വർണം

രാജ്യത്തെ ഓഹരി വിപണികളിൽ ചാഞ്ചാട്ടം. ബോംബെ ഓഹരി സൂചിക 44 പോയിൻറ് ഉയർന്ന് 80,273 ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 4 പോയിൻറ് ഇടിഞ്ഞ് 24,327 ലും വ്യാപാരം തുടരുന്നു. സ്വർണവിലയിൽ വീണ്ടും വർധന. ഗ്രാമിന് 40 രൂപ വർദ്ധിച്ച് 8,980 രൂപയും പവന് 320 രൂപ വർദ്ധിച്ച് 71,840 രൂപയുമായി.

*******************************

## പാലക്കാട് നഗരസഭ

ഹെഡ്ഗേവാർ വിഷയത്തിൽ പാലക്കാട് നഗരസഭ യോഗത്തിൽ ബഹളം. സി.പി.ഐ.എം, യുഡിഎഫ് കൗൺസിലർമാർ നഗരസഭ യോഗത്തിൽ പ്രതിഷേധമുയർത്തുകയും പോസ്റ്റർ ഉയർത്തുകയും ചെയ്യതോടെ സി.പി.ഐ.എം, യു.ഡി.എഫ് , ബി.ജെ.പി കൗൺസിലർമാർ തമ്മിൽ വാക്കേറ്റമുണ്ടാകുകയും കയ്യാങ്കളിയിലേക്ക് നീങ്ങുകയുമായിരുന്നു.

******************************

## പേവിഷ ബാധ

തെരുവ് നായയുടെ കടിയേറ്റ് കോഴിക്കോട് മെഡിക്കൽ കോളെജ് ആശുപത്രിയിൽ ചികിൽസയിലിരിക്കെ മരിച്ച മലപ്പുറം സ്വദേശിനിയായ കുട്ടിക്ക് ശാസ്ത്രീയമായ എല്ലാ ചികിത്സയും നൽകിയിരുന്നുവെന്ന് മെഡിക്കൽ കോളെജ് അധികൃതർ പറഞ്ഞു. കുട്ടിക്ക് തലയ്ക്കും കാലിനും മുറിവേറ്റിരുന്നു. തെരുവ് നായയുടെ കടിയേറ്റ മറ്റ് ആറ് പേർക്ക് നിലവിൽ പ്രശ്നങ്ങളില്ല.

******************************

## ചീഫ് സെക്രട്ടറി

സംസ്ഥാന ചീഫ് സെക്രട്ടറി ഡോ. ശാരദാ മുരളീധരൻ നാളെ വിരമിക്കും. ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി A. ജയതിലക് അടുത്ത ചീഫ് സെക്രട്ടറിയായി സ്ഥാനമേൽക്കും.

RNU TVPM

******************************

## താപനില

സംസ്ഥാനത്ത് ഇന്നും ഉയർന്ന താപനില മുന്നറിയിപ്പ്. കൊല്ലം, എറണാകുളം, തൃശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർകോട് ജില്ലകളിൽ മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചിട്ടുണ്ട്. കഴിഞ്ഞ 24 മണിക്കൂറിൽ സംസ്ഥാനത്ത് വിവിധയിടങ്ങളിൽ ഉയർന്ന അൾട്രാവയലറ്റ് സൂചികകൾ രേഖപ്പെടുത്തി. ഇന്നലെ മലപ്പുറം, ഇടുക്കി, കോട്ടയം, പത്തനംതിട്ട ജില്ലകളിൽ ഓറഞ്ച് അലർട്ടാണ് രേഖപ്പെടുത്തിയത്.

******************************

## സ്വിഫ്റ്റ് - തീപിടിച്ചു

K.S.R.T.C സ്വിഫ്റ്റ് ബസിന് തീപിടിച്ചു. തിരുവനതപുരം ആറ്റിങ്ങൽ മാമത്ത് വെച്ചായിരുന്നു അപകടം. കണ്ണൂരിൽ നിന്ന് തിരുവനന്തപുരത്തേക്ക് വരികയായിരുന്ന ബസിന്റെ അടിഭാഗത്ത് നിന്നാണ് തീ പടർന്നത്. ഫയർഫോഴ്സ് സ്ഥലത്തെത്തി തീ അണച്ചു. ബസിലുണ്ടായിരുന്ന 30 യാത്രക്കാരും സുരക്ഷിതരാണെന്ന് ജീവനക്കാർ അറിയിച്ചു.

*****************************

## നാണി കുന്നോത്ത് പറമ്പ്

കണ്ണൂർ ജില്ലയിലെ പ്രമുഖ നാടൻപാട്ട് കലാകാരി നാണി കുന്നോത്ത് പറമ്പ് നിര്യാതയായി. 78 വയസ്സായിരുന്നു. ആകാശവാണിയിൽ നാടൻപാട്ട് കലാകാരിയായിരുന്നു. സംസ്കാരം ഇന്ന് രാവിലെ കുന്നോത്ത് പറമ്പിലെ വീട്ടുവളപ്പിൽ നടക്കും.

*************************************************************************************
***********

RNU TVPM